മലയാള മനോരമ

5 June 2025




കൊച്ചി സിഎംഎഫ്ആർഐയിൽ നടന്ന 'വികസിത് കൃഷി സങ്കൽപ് അഭിയാൻ' ബോധവൽക്കരണ പരിപാടിയിൽ ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. രാഘവേന്ദ്ര ഭട്ട് പ്രസംഗിക്കുന്നു.

# വിക്സിത് കൃഷി സങ്കൽപ്; സിഎംഎഫ്ആർഐ ബോധവൽക്കരണ പരിപാടി നടത്തി

കൊച്ചി● കഴിഞ്ഞയാഴ്ച തുടങ്ങിയ 'വിക്സിത് കൃഷി സങ്കൽപ്' പ്രചാരണത്തിന്റെ ഭാഗമായി ശാസ്ത്രജ്ഞർ കൃഷിയിടങ്ങളിലെത്തി മാർഗനിർദേശം നൽകുന്നതു വരും സീസണുകളിൽ ഉൽപാദനം കൂട്ടാൻ വഴിയൊരുക്കുമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. രാഘവേന്ദ്ര ഭട്ട വ്യക്തമാക്കി.

പദ്ധതിയുടെ ഭാഗമായി സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. പട്ടികവർഗ വിഭാഗത്തിൽ പെട്ട 80 തീരദേശ കർഷകർക്കു മീൻപിടിത്ത വലകൾ, ലൈഫ് ജാക്കറ്റ്, മഴക്കോട്ട്, ടാർപോളിൻ ഷീറ്റുകൾ തുടങ്ങി സാമഗ്രികൾ ചടങ്ങിൽ വിതരണം ചെയ്തു. ബെംഗളൂരുവിലെ കാർഷിക ടെക്നോളജി ആപ്ലിക്കേഷൻ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. വെങ്കടസുബ്രഹ്മണ്യൻ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. കെ മധു, ഡോ. സാജു ജോർജ് എന്നിവർ പ്രസംഗിച്ചു.